## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2413

18.12.2012 ൽ
മറുപടിക്ക്

### ബി.ഐ.എഫ്.ആർ. പരിധിയിലുള്ള വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആകെ എത്ര പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെന്നറിയിക്കാമോ ; | (എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിൽ ഇപ്പോൾ 44 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് |
| (ബി) 2011-12ൽ എത്രയെണ്ണം ലാഭമുണ്ടാക്കി എന്നും എത്രയെണ്ണം നഷ്ടമുണ്ടാക്കി യെന്നും അറിയിക്കുമോ ; | (ബി) 2011-12 സാമ്പത്തിക വർഷത്തെ പ്രവർത്തനം സംബന്ധിച്ച് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 44 പൊതു മേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റ് പൂർത്തിയാകാത്ത കണക്കുകൾ പ്രകാരം 20 സ്ഥാപനങ്ങൾ ലാഭത്തിലും 24 സ്ഥാപനങ്ങൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്. |
| (സി) ഏതെല്ലാം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് ബി.ഐ.എഫ്. ആർ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നറിയിക്കുമോ ; | (സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ BIFR-ന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു. |

1. Autokast Ltd
2. Steel Complex Ltd
3. Kerala State Detergents & Chemicals
4. Kerala State Electronics Development Corporation Ltd
5. Kerala State Textile Corporation Ltd
6. Keltron Power Devices Ltd (Ordered for closure by BIFR)
7. Keltron Rectifiers Ltd (Ordered for closure by BIFR)

8. Keltron Counters <u>(Ordered for closure by BIFR)</u>
9. Trivandrum Spinning Mills <u>(Ordered for closure by BIFR)</u>

| | |
|---|---|
| (ഡി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ? | (ഡി)മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. Autokast Ltd

കമ്പനിയുടെ വിപുലീകരണ നവീകരണ പ്രവർത്തനങ്ങൾക്കായും പ്രവർത്തന മൂലധനമായും സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. Autokast Ltd-ന് 2011-12 ൽ 155 ലക്ഷം രൂപയും, 2012-13ൽ 281 ലക്ഷം രൂപയും സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

2. Steel Complex Ltd

കേരളത്തിലെ ഒരേയൊരു മിനി സ്റ്റീൽ പ്ലാന്റ് യൂണിറ്റായ സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും ഇതേ മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്രപൊതുമേഖലയിലെ നവരത്നകമ്പനികളിലൊന്നായ സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും തമ്മിൽ സംയുക്ത സംരഭത്തിൽ ഏർപ്പെട്ടു. ഇതിന്റെ ഭാഗമായി കമ്പനിയുടെ വിവിധ മേഖലയിലുള്ള 66.58 കോടി രൂപയുടെ കുടിശ്ശികകൾ സർക്കാർ എഴുതിത്തള്ളുകയും വൈദ്യുതി കുടിശ്ശികകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. സംയുക്ത സംരംഭത്തിന്റെ ഭാഗമായുള്ള റീ-റോളിംഗ് മിൽ നിലവിൽ വന്നാൽ മാത്രമേ കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയുകയുള്ളു. ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി മാത്രമേ ഈ പദ്ധതി പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളു. ഇതിനായി നെറ്റ്‌വർത്ത് പോസിറ്റീവായി BIFR-ന്റെ പരിധിയിൽ നിന്നും പുറത്തുവരേണ്ടതുണ്ട്. കമ്പനി നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നതിനാൽ പ്രവർത്തനം നിലനിർത്തിക്കൊണ്ടു പോകുന്നതിനായി SAIL ൽ നിന്നും സർക്കാരിൽ നിന്നും ആനുപാതികമായ പ്രവർത്തന മൂലധന സഹായം ലഭ്യമാക്കിവരുന്നു.

3. **Kerala State Electronics Development Corporation Ltd**

KSEDC നെ പുനരുദ്ധാരണത്തിനായി 2011-12 ൽ10 കോടിരൂപ പ്രത്യേകം നൽകിയിട്ടുണ്ട്. കൂടാതെ 2012-13ൽ കെൽട്രോണിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 10 കോടിരൂപയുടെ ധനസഹായം ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. **കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ്** : കമ്പനിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 2011-12 സാമ്പത്തിക വർഷം 782 ലക്ഷം രൂപ Centralised cotton Purchase-നു വേണ്ടി നൽകിയിരുന്നു. 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിപാദിച്ച 60 കോടിരൂപയിൽ 24 കോടിരൂപ KSTC-യുടെ പുനരുദ്ധാരണ

പ്രവർത്തനങ്ങൾക്കായിട്ടാണ്. ഇത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. Kerala State Detergents & Chemicals

Kerala State Detergents & Chemicals Ltd-ന്റെ ആസ്തികളും, മറ്റ് ഉൽപ്പാദന സൗകര്യങ്ങളും സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു വേണ്ടി KINFRA -യിലെ തന്നെ ഒരു ഉദ്യോഗസ്ഥനെ ഇതിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെയുള്ള സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ആ മേഖലയുടെ വ്യാവസായിക വികസനത്തിനുതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. **Keltron Power Devices Ltd & Keltron Rectifiers Ltd**(Ordered for closure by BIFR)

പ്രവർത്തനം നിലച്ചിരുന്ന Keltron Power Devices Ltd ഉം Keltron Rectifiers Ltd ഉം അവയുടെ എല്ലാ ആസ്തികളും ബാദ്ധ്യതകളും ഉൾപ്പെടെ വികസന പ്രവർത്തനങ്ങൾക്കായി ഹോൾഡിംഗ് കമ്പനിയായ KSEDC ഏറ്റെടുക്കുന്നതിന് G.O.(Ms) No.165/08/ID dated 22/10/2008 പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

7. **Keltron Counters (Ordered for closure by BIFR)**

Keltron Counters Ltd-ന്റെ ആസ്തികളും ബാധ്യതകളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി ഹോൾഡിംഗ് കമ്പനിയായ Kerala State Electronics Dev.Corporation Ltd (KSEDC) നെ ചുമതലപ്പെടുത്തി. ബാക്കിയുള്ള 34 ജീവനക്കാരെ കെൽട്രോണിന്റെ യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. Keltron Counters Ltd ന്റെ സ്ഥലവും സൗകര്യങ്ങളും Gulati Institute of Finance & Taxation (GIFT) എന്ന സർക്കാർ സ്ഥാപനത്തിന് കൈമാറി.

8. **Trivandrum Spinning Mills Ltd**

**Trivandrum Spinning Mills Ltd**-നെ കോടതിയുടെ സഹായത്തോടെ ലിക്വിഡേറ്ററിൽ നിന്നും ഏറ്റെടുത്ത് അവിടുത്തെ സൗകര്യങ്ങൾ ഉപയോഗിച്ച് **open end spinning Mill unit** നടത്തിവരുന്നു.

Sharen

സെക്ഷൻ ഓഫീസർ